(ബി) സാംസ്കാരികവും ചരിത്രപരവുമായ പൈതൃക വസ്തുക്കളെ സംരക്ഷിക്കുന്നതു സംബന്ധിച്ച് നിയമനിർമ്മാണം എങ്ങനെ പ്രാവർത്തികമാക്കാമെന്നതിനെ സംബന്ധിച്ച് ഒരു ദേശീയ സെമിനാർ തിരുവനന്തപുരത്തു വച്ച് സംഘടിപ്പിക്കുകയുണ്ടായി. ഈ സെമിനാറിൽ ഉന്നയിക്കപ്പെട്ട ആശയങ്ങളും അഭിപ്രായങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

40 (1144) തൃപ്പൂണിത്തുറ ഹിൽപാലസിലെ സ്പേസ് തിയേറ്റർ

ശ്രീ. ടി.എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽപ്പാലസിൽ ആരംഭിക്കാൻ നിശ്ചയിച്ചിരുന്ന സ്പേസ് തിയേറ്ററിന്റെ പണികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ട് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇത് സംബന്ധമായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു;

(ഡി) ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഹിൽപ്പാലസിലെ സന്ദർശകർക്ക് ഈ സ്ഥാപനം സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി നിർമ്മിച്ച 16 എം.എം. ഗ്രന്ഥചിത്രത്തിന്റെ നിർമ്മാതാവിന് എന്തെങ്കിലും തുക നൽകിയിട്ടുണ്ടോ,

(എഫ്)ഇനി എന്ത് തുക കൂടി ലഭിക്കാനുണ്ടെന്നാണ് നിർമ്മാതാവ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) 1955 ലെ തിരുവിതാകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (ആക്ട് 12) പ്രകാരം ഹിൽപ്പാലസ് പരിസര വികസനത്തിനുവേണ്ടി 'സൊസൈറ്റി ഫോർ ദി പ്രസർവേഷൻ ഓഫ് ഹിൽപ്പാലസ് പ്രെമിസസ്' എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിച്ച് ജി.ഒ. (പി) 29/92/സി.എ.ഡി. തീയതി 20.11.92 പ്രകാരം ഉത്തരവാകുകയും സൊസൈറ്റി നിലവിൽ വരികയും ചെയ്തിട്ടുണ്ട്. പ്രസ്തുത സൊസൈറ്റി തൃപ്പൂണിത്തുറ ഹിൽപാലസ് കോംപൗണ്ടിൽ ഒരു സ്പേസ് തിയേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ജപ്പാനിലെ 'ഗോടോ' എന്ന കമ്പനിയുമായി ഒരു കരാറിൽ ഒപ്പുവച്ചിരുന്നു. പ്രസ്തുത സ്പേസ് തിയേറ്ററിന്റെ ശിലാസ്ഥാപനം 2.10.94-ൽ നടത്തിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് 'ഗോടോ' കമ്പനിയുമായുണ്ടാക്കിയ കരാർ ഇതുവരെ നടപ്പാക്കിയിട്ടില്ല. ഈ പ്ലാനട്ടോറിയം സ്ഥാപിക്കുന്നതിന് മുൻസർക്കാർ തത്വത്തിൽ അനുമതി നൽകുകയും അതിനുവേണ്ടി 1996-97 വർഷത്തെ ബഡ്ജറ്റിൽ 555.5 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തുവെങ്കിലും ആ ഇനത്തിൽ ഫണ്ട് ഒന്നും അനുവദിച്ചിരുന്നില്ല.

ഇതിനിടെ 'ഗോടോ' കമ്പനി ഇതു സംബന്ധിച്ച അവരുടെ ഓഫർ രണ്ട് വർഷം കഴിഞ്ഞിട്ടുള്ളതിനാൽ പരിഷ്കരിക്കേണ്ടതുണ്ടെന്നറിയിച്ചതിനെത്തുടർന്ന് പുതുക്കിയ 'ഓഫർ' അയച്ചുതരുവാൻ ആവശ്യപ്പെട്ടതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആയത് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഓഫർ സംബന്ധിച്ച ചില വിശദാംശങ്ങൾ പരിശോധിച്ചുവരികയാണ്. ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരവും നേടേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്ലാനറ്റോറിയം നിർമ്മാണ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് തത്ക്കാലം പറയാൻ കഴിയുകയില്ല.

(ഇ) ചിത്രം അവർ സ്വന്തം നിലയ്ക്ക് നിർമ്മിച്ചതാണെങ്കിലും അന്നത്തെ ഒരു യോഗ നിശ്ചയപ്രകാരം അൻപതിനായിരം രൂപാ സൊസൈറ്റി നൽകിയിട്ടുണ്ട്.

(എഫ്) 4.5 ലക്ഷം രൂപ (നാലര ലക്ഷം രൂപ) അന്നത്തെ മന്ത്രി വാക്കാൽ പറഞ്ഞു എന്ന് നിർമ്മാതാക്കൾ അവകാശപ്പെടുന്നുണ്ടെങ്കിലും ഗവൺമെന്റിന് ഇക്കാര്യത്തിൽ ഉത്തരവാദിത്വമൊന്നുമില്ല.

41 (1146) അവശകലാകാരന്മാർക്ക് ചികിത്സാ സഹായം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ സഹായം ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിക്കുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

42 (1147) കുഞ്ഞാലി മരയ്ക്കാർ സ്മാരകം നിർമ്മിക്കാൻ നടപടി

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കുഞ്ഞാലി മരയ്ക്കാർക്ക് സ്മാരകം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചുവോ;

(ബി) എങ്കിൽ എവിടെയാണ് സ്മാരകം സ്ഥാപിക്കുന്നത്;

(സി) ഇതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) സർക്കാരിന്റെ ഏതു വകുപ്പിനെയാണ് സംരക്ഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly